**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4613** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യ്ക്ക് സബ്സിഡിയറി കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. സജീവ് ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ സബ്സിഡിയറി കോർപ്പറേഷൻ രൂപീകരിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ; ഇപ്രകാരം ഏതെങ്കിലും കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; | (എ) | Road Transport Corporation Act 1950 Section 17 (A) പ്രകാരം കെ.എസ്.ആർ.റ്റി.സി.യ്ക്ക് സബ്സിഡിയറി കോർപ്പറേഷൻസ് രൂപീകരിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം കെ.എസ്.ആർ.റ്റി.സി.യുടെ സബ്സിഡിയറി കോർപ്പറേഷനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KURTC) രൂപീകരിച്ചിട്ടുണ്ട്. KURTC-യുടെ ആസ്തി ബാധ്യത കൈകാര്യം ചെയ്യുന്നത് KSRTC-യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ അധികാര പരിധിയിൽ നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത കോർപ്പറേഷനിലെ ആസ്തി-ബാധ്യതകൾ കൈകാര്യം ചെയ്യാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | Road Transport Corporation Act 1950 Section 17 (A) പ്രകാരം കെ.എസ്.ആർ.റ്റി.സി.യ്ക്ക് സബ്സിഡിയറി കോർപ്പറേഷൻസ് രൂപീകരിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം കെ.എസ്.ആർ.റ്റി.സി.യുടെ സബ്സിഡിയറി കോർപ്പറേഷനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KURTC) രൂപീകരിച്ചിട്ടുണ്ട്. KURTC-യുടെ ആസ്തി ബാധ്യത കൈകാര്യം ചെയ്യുന്നത് KSRTC-യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ അധികാര പരിധിയിൽ നിക്ഷിപ്തമാണ്. |
| (സി) | മോട്ടോർ വെഹിക്കിൾ ആഗ്രഗേറ്റർ ഗൈഡ് ലൈൻസ് 2020 പ്രകാരം രൂപീകരിച്ച കെ-സിഫ്റ്റ് കമ്പനിയുടെ ആസ്തി-ബാധ്യതകൾ സംബന്ധിച്ച വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | മോട്ടോർ വെഹിക്കിൾ അഗ്രഗേറ്റർ ഗൈഡ് ലൈൻസ് 2020 പ്രകാരം കെ.എസ്.ആർ.ടി.സി. കമ്പനി രൂപീകരിച്ചിട്ടില്ല. എന്നാൽ 19-02-2021 തീയതിയിലെ G.O.(MS) No. 7/2021/Trans സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് എന്ന സ്വാതന്ത്ര കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയ്ക്ക് KSRTC-യുടെ എല്ലാ വിധത്തിലുമുള്ള ഇൻഫ്രാസ്ട്രച്ചറുകളും ബസുകളും |

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തി മാത്രമേ മുന്നോട്ട് പോകാനാകൂ. കൂടാതെ K-SWIFT-ന്റെ വരുമാനത്തിൽ നിന്നും KSRTC-യുടെ ജീവനക്കാർക്ക് വേണ്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനും KSRTCയുടെ ലോണുകൾ / കടങ്ങൾ തിരിച്ചടക്കുന്നതിനും നിയമപരമായ ബാധ്യത പുതിയ സംവിധാനത്തിൽ ഉണ്ടായിരിക്കും. |
| (ഡി) | പ്രസ്തുത കമ്പനിയെ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണോ എന്നും കമ്പനിയുടെ ലാഭം കെ.എസ്.ആർ.ടി.സി. ക്ക് കൈമാറുന്നതിന് സാധ്യമാണോ എന്നും വ്യക്തമാക്കാമോ; | (ഡി) | കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് എന്ന കമ്പനിയുടെ രൂപീകരണം പുരോഗതിയിലാണ്. ഡയറക്ടർ ബോർഡിന്റെ അധികാരങ്ങൾ കമ്പനി രൂപീകരണത്തിന് ശേഷം നിശ്ചയിക്കുന്നതാണ്. പ്രസ്തുത കമ്പനി കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനു പകരമായി കെ.എസ്.ആർ.ടി.സി.ക്കു ഉപയോക്തൃ ഫീസ് ആകും നൽകുക. |
| (ഇ) | പൊതു ഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി. യെ ഇല്ലാതാക്കുന്ന രീതിയിൽ സ്വകാര്യ മേഖലയിൽ കമ്പനി രൂപീകരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (ഇ) | സ്വകാര്യമേഖലയിൽ കമ്പനി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ